പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2900

18.06.2019-ൽ മറുപടിക്ക്

**എം.ഇ.എസ്.-തടവനാൽ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈരാറ്റുപേട്ട ബൈപ്പാസിന്റെ ഭാഗമായ എം.ഇ.എസ്.-തടവനാൽ പാലം നിർമ്മാണം പൂർത്തീകരിക്കുവാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) പാലത്തിന്റെ ഒരു വശത്തു ആവശ്യമായ സ്ഥലത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണം തടസ്സപ്പെട്ടത് മൂലം കോൺട്രാക്ടർ പണി നിർത്തിവയ്ക്കുകയുണ്ടായി. |
| ബി) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിജസ്ഥിതി വിശദീകരിക്കാമോ; | (ബി) സ്ഥലം ഏറ്റെടുക്കുന്നതിന് 29.01.2019-ൽ അനുമതി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) രണ്ട് വർഷമായി നിർമ്മാണം നിലച്ച പാലത്തിന്റെ പണി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ കരാറുകാരൻ സപ്ളിമെന്ററി എഗ്രിമെന്റ് വച്ചതിനുശേഷം നാലുമാസത്തിനകം പണികൾ തീർക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ